മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 31 THE ONLINE OFFICIAL NEWS BULLETIN 2024 July 11

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪7 8th Sunday after Pentecost 14	♪3 Comme. of the Martyrs St. Kuriakose, Mother Marth Yuliethi & St. Abhai 15	♪7 16	♪3 17	♪7 18	♪3 19	♪7 Comme. of Elijah the Prophet 20



കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപോലീത്തയായി സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. ജൂലൈ 15-ന് അദ്ദേഹം ചുമതലയേൽക്കും.



പരുമല സെൻറ് ഗ്രിഗോറിയോസ് നേഴ്സിങ് കോളജിന്റെ പതിനേഴാമത് ബാച്ചിന്റെ ഗ്രാജുവേഷൻ നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം നിർവഹിച്ചു.



കുവൈറ്റ് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പഴയപള്ളി നവതി മഹാ സംഗമം പരുമലയിൽ നടന്നു. പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



സഭാതേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിന്റെ 115-ാം ഓർമ്മപ്പെരുന്നാളിന് പ. കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



The new academic year of St. Thomas Orthodox Theological Seminary Nagpur commenced with the celebration of the Holy Eucharist on the Feast of St. Peter & St. Paul. Alexios Mar Eusebius Metropolitan (Vice President, STOTS Nagpur), led the services.



സഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെയും, പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടേയും സംയുക്ത ഓർമ്മപ്പെരുന്നാളിന് ആർത്താറ്റ് അരമനയിൽ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് കൊടി കയറ്റി.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

335. പുന്നവേലി പള്ളിക്കാർക്കു.

336. പയ്യമ്പള്ളിൽ മൂപ്പച്ചനും. ടി പള്ളിക്കാർ സഹിതം 9-നു അയിരൂർ എത്തണമെന്നു. ടി തീയതി. ടി സ്ഥലം.

337. കെ. എം. വറുഗീസിനു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

338. ഇറപ്പുഴ മാണി ഉപദേശിക്കു. ടിയാന്റെ അമ്മയുടെ മരണത്തിൽ അനുശോചിച്ചു. 1920-നു 1095 മീനം 5-നു. വഞ്ചിത്ര പള്ളി.

339. കുരുവിള വർക്കിക്കു. ടിയാന്മാരുടെ പള്ളിവഴിക്കു രാജിയാകണമെന്നു. 1095 മീനം 5-നു. വഞ്ചിത്ര പള്ളിയിൽ നിന്നും.

340. പാടത്തു പീലിപ്പോസ് കത്തനാർക്കു. കീഴുമുറി പള്ളി സംബന്ധിച്ചു പെട്ടെന്നു ഒന്നും തീരുമാനിക്കയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

341. മാറാച്ചേരിൽ മൂപ്പച്ചനു. പട്ടംകൊട സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

342. മട്ടയ്ക്കൽ കത്തനാർക്ക്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

343. ഒ. എം. ചെറിയാനു. അപ്പന്റെ സൗഖ്യത്തിൽ സന്തോഷിക്കുന്നുയെന്നു. ടി തീയതി. ടി സ്ഥലം.

344. വിലനിലത്തു മത്തായി കത്തനാർക്കു. തഴക്കര പള്ളി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

345. എണ്ണച്ചേരിൽ കത്തനാരച്ചനു. നിലയ്ക്കലെ യോഗം നോമ്പിൽ നടത്തുന്നതു പ്രയാസമാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

346. മണ്ണുംമൂട്ടിൽ കൊച്ചൂഞ്ഞിനു. തുരുത്തേൽ കത്തനാരെ നിയമിക്കുന്നതു ആലോചിച്ചശേഷം ആകാമെന്നു. 1920-നു 1095 മീനം 5-നു വഞ്ചിത്ര പള്ളിയിൽ നിന്നും.

347. തയ്യിൽ കുട്ടിക്കു. പ്രൂഫ് ഷീറ്റ് മുതലായതു കിട്ടി വായിച്ചു കണ്ടുയെന്നും അച്ചടിപ്പിക്കുന്നതിനു അനുവദിച്ചിരിക്കുന്നുയെന്നും മറ്റും. 1920-നു 1095 മീനം 6-നു. വഞ്ചിത്ര പള്ളി.

348. ഒ. എം. ചെറിയാച്ചനു. കുന്നത്തുനാടു പൂതൃക്ക സ്കൂൾ മാസ്റ്റർ ജി. മത്തായിക്കു ഒരു സ്ഥലംമാറ്റം കൊടുക്കണമെന്നും മറ്റും. 1095 മീനം 7-നു. വഞ്ചിത്ര പള്ളി.

1920-നു 1095 മീനം 7-നു 9 മണിക്കു വഞ്ചിത്രപള്ളിയിൽ നിന്നും മേനാവു മാർഗ്ഗം പുറപ്പെട്ടു ഉച്ചയോടുകൂടി അയിരൂർ മതാപ്പാറ പള്ളിയിൽ എത്തി.

349. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. റാന്നിയിലെ ഇംഗ്ലീഷ് സ്കൂളിന്റെ കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്ന്. 1095 മീനം 9-നു മതാപ്പാറ.

350. പിലിപ്പു വക്കീലിനു. ചീഫ് കോർട്ടിലെ അപേക്ഷ ക്ഷണം തള്ളിയതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. 1920-നു 1095 മീനം 9-നു. അയിരൂർ മതാപ്പാറ പള്ളിയിൽ നിന്നും.

351. ചാന്ത്രാവിൽ ഗീവറുഗീസു കത്തനാർക്കു. ടിയാന്റെ അമ്മയുടെ മരണത്തിൽ അനുശോചിച്ചും മറ്റും. 1920-നു 1095-മാണ്ടു മീനം 9-നു. മതാപ്പാറ പള്ളി.

352. മാറാച്ചേരിൽ മൂപ്പച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

353. തോട്ടമൺ പള്ളിയോഗക്കാർക്കു. ടി പള്ളിക്കാര്യങ്ങൾ കേട്ടു തീരുമാനിക്കുന്നതിനായി അടുത്ത ദിവസം ഇവിടെ എത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

354. വാളക്കുഴി ശെമ്മാച്ചനു. വിദ്യാർത്ഥിയോഗം സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

355. തോലത്തു ഇയ്യുക്കുട്ടി ചുമ്മാരിനു. ഉപദേശിമാരെ അയക്കുന്നതിനു പ്രയാസമാണെന്നു. ടി തീയതി. ടി സ്ഥലം.

356. പഴഞ്ഞി പള്ളി കശീശന്മാർക്ക്. ടി സംഗതി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

357. പീടികയിൽ ഗീവറുഗീസു കത്തനാർക്കു. മുണ്ടക്കയം യാത്ര സംബന്ധിച്ചു. 1095 മീനം 9-നു. അയിരൂർ പള്ളി.

358. തേലപ്പുറത്തു തോമ്മസിനു. ടിയാന്റെ അപ്പന്റെ മരണത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

359. നിലയ്ക്കൽ പള്ളിക്കാർക്കു. അവിടുത്തെ യോഗത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

360. കെ. വി. ഈപ്പനു. മദാമ്മമാരെ കാണുന്നതിനു തൽക്കാലം ശ്രമിക്കണ്ടായെന്നും സംശയമാണെന്നും. 1095 മീനം 9-നു മതാപ്പാറ പള്ളി.

361. പുന്നവേലി പള്ളിക്കാർക്കു. മേലാൽ കല്പന അയക്കുന്നതുവരെ വികാരി വരുമാനങ്ങൾ എടുത്തും പുതിയ മുതൽചുമതലക്കാരൻ ... നടത്തിച്ചു പണങ്ങൾ നാലഞ്ചു പെട്ടിയിൽ വച്ചു സൂക്ഷിക്കണമെന്നും മറ്റും. 1095 മീനം 10-നു. അയിരൂർ പള്ളി.

362. കോഴഞ്ചേരി പുത്തൻപള്ളിക്കാർക്കു. തന്നാണ്ടു മുതൽകെട്ടിനു തെള്ളിലേത്തു ഗീവറുഗീസിനെയും കണക്കെഴുത്തിനു വല്യവീട്ടിൽ അബ്രഹാമിനെയും നിയമിച്ചിരിക്കുന്നുയെന്നും ടി പള്ളിപണിക്കു ടിയാന്മാരെ കൂടാതെ തേവർവേലി ഗീവറുഗീസു കത്തനാർ കൂടി ചുമതലപ്പെട്ടു പണം വാങ്ങി പണി നടത്തണമെന്നും മറ്റും. ടി

തീയതി. ടി സ്ഥലം.

1095 മീനം 10-നു വൈകിട്ടു 5 മണിയോടു കൂടി മതാപ്പാറ പള്ളിയിൽ നിന്നും പുറപ്പെട്ടു അയിരൂരച്ചൻ (നാറാണത്തു) ക്ഷണമനുസരിച്ചു കയറി അത്താഴമേശ കഴിഞ്ഞു 10 മണിയോടു കൂടെ അവിടെ നിന്നും പുറപ്പെട്ടു അയിരൂർ പഴയപള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞശേഷം വള്ളം കയറി 11-നു 9 മണിയോടു കൂടി പരുമല സിമ്മനാരിയിൽ എത്തി. അന്നു തന്നെ വൈകുന്നേരം വള്ളം കയറി 12-നു 10 മണിയോടു കൂടി കോട്ടയം സിമ്മനാരിയിൽ എത്തി.

363. വട്ടഞ്ചേരിൽ കീവർച്ചനു. ബ്രഹ്മവാർ കമ്പനി സംബന്ധിച്ചും മറ്റും. 1095 മീനം 14-നു. കോട്ടയം സിമ്മനാരി.

364. ഇ. ജെ. ഫീലിപ്പോസിനു. ടി സംഗതി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

365. പൂതിയോട്ടു വർക്കിയച്ചനു. സമാധാനപ്പെട്ടു തീരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

366. കുറ്റിക്കണ്ടത്തിൽ കത്തനാർക്കു. മാവേലിൽ കത്തനാരെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

367. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. കായങ്കുളം പള്ളി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

368. കളത്തിൽ മാത്തൻ മൂപ്പിലേക്കു. പള്ളിവക സംഗതികൾ വേണ്ടപ്രകാരം നോക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

369. പി. കെ. ഇട്ടിമാത്തുവിനു. വർത്തമാനങ്ങൾക്കും മറ്റും. 1095 മീനം 16-നു. കോട്ടയം സിമ്മനാരിയിൽ നിന്നും.

370, 371. വടുതല ഈശോ കത്തനാർക്കു. അയിരാമൺ പള്ളിക്കനുവാദ കല്പന. 1920-നു 1095 മീനം 16-നു. കോട്ടയം സിമ്മനാരി.

372. റ്റി. വി. ജോൺ ശെമ്മാച്ചനു. എം.ഡി. സിമ്മനാരി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

373. കൊള്ളന്നൂർ യാക്കോബു കത്തനാർക്കു. പ്രസംഗങ്ങളെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

374. പനയ്ക്കൽ ചാക്കു കുഞ്ഞാത്തുവിനു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചും കിഴക്കേ പള്ളികാര്യങ്ങൾ നോക്കണമെന്നും മറ്റും. 1095 മീനം 16-നു. കോട്ടയം സിമ്മനാരി.

375. തിരുവിനാൽ ഗീവറുഗീസു കത്തനാർക്കു. ചന്ദനപ്പള്ളി പുത്തൻപള്ളിയിലെ ഉടമ്പടി രജിസ്ട്രാക്കാത്തപക്ഷം ഉയിർപ്പു ഞായറാഴ്ച മുതൽ യാതൊരു കർമ്മാദികളും നടത്തിക്കൊടുക്കരുതെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

376. ആറ്റുതുരുത്തേൽ വറീച്ചനു. ഇന്നു ഇത്രടം വന്നുപോകണമെന്നു. 1095 മീനം 17-നു. കോട്ടയം സിമ്മനാരിയിൽ നിന്നും.

377. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നു.

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മാളിയേക്കൽ കുര്യൻ മാണിക്കു വാഴ്വ്.

പ്രിയനെ, നമ്മുടെ എം.ഡി. സിമ്മനാരി ഇപ്പോൾ വളരെ കുഴപ്പത്തിലാണിരിക്കുന്നതെന്നറിഞ്ഞിട്ടുണ്ടല്ലോ. മാസ്റ്റർമാർക്കും മറ്റും മാസന്തോറും അവരുടെ ശമ്പളം കൊടുക്കാതിരുന്നാൽ ഈ ക്ഷാമകാലത്തു അവർ വളരെ കഷ്ടപ്പെട്ടുമെന്നു മാത്രമല്ല സിമ്മനാരിയിലെ പഠിത്തവും കുഴപ്പത്തിലാകുന്നതാണ്. തൽക്കാലം ടി സിമ്മനാരി വകയോ വേറെ വകയോ ആയ പണം എടുത്തു കടം വീട്ടുന്നതിനു മാർഗ്ഗമില്ലാതാണിരിക്കുന്നത്. അതിനാൽ ടി സിമ്മനാരിയുടെ കടംവീട്ടു വകയ്ക്കായി താങ്കൾ 500 രൂപാ കടമായി നമുക്കയച്ചു തരണം. ഈ വക രൂപാ അഞ്ഞൂറും ടി സിമ്മനാരി വകയ്ക്കായി വാങ്ങിക്കുന്നതാകകൊണ്ടു നമ്മെ ബന്ധിക്കാതെ ടി സിമ്മനാരി വക ചേർത്തു അതിൽ നിന്നു ... മുക്ത്യാർ ... എന്നു 1920-നു 1095 മീനം 17-നു. കോട്ടയം സിമ്മനാരിയിൽ നിന്നും.

378. സി. കോരുളയ്ക്കും

379. വി. ജെ. ഇട്ടിച്ചെറിയയ്ക്കും

380. കഞ്ചട്ടതൊപ്പി ...

382. ഇ. ജെ. ജോസഫിനും.

383. കുന്നുമ്പുറത്തു ഇട്ടിക്കുഞ്ഞിനും

384. പടിഞ്ഞാറേക്കര പുന്നൻ കുര്യനും ... എഴുതി അയച്ചു.

385. കരപ്പെള്ളിൽ തോമ്മസു കത്തനാർക്കു. വള്ളം അയക്കണമെന്നു. 1095 മീനം 17-നു. കോട്ടയം.

386. തറയിൽ കുഞ്ഞുവർക്കിക്കു. മുളന്തുരുത്തിക്കു കൊച്ചുപറമ്പിൽ യാക്കോബു കത്തനാരെ സംബന്ധിച്ചു കല്പന അയയ്ക്കുന്നതാണെന്നു. 1920-നു 1095 മീനം 19-നു. കോട്ടയം.

387. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. പുതുഞായറാഴ്ചയുടെ തലേ ശനിയാഴ്ച കായങ്കുളത്തു പള്ളിയിൽ എത്തുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

388. പാലപ്പള്ളിൽ കത്തനാരച്ചനു. സ്നേഹമായി വീട്ടുകാരുമായി വർത്തിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

389. കൊല്ലന്റേത്തു ഈപ്പനു. പള്ളിക്കേസു ജയിച്ചതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

390. മുട്ടുങ്കേരിൽ സ്കറിയാ കത്തനാർക്കു. മേപ്രാൽ പുത്തൻപള്ളിയിൽ വഴക്കുണ്ടാക്കരുതെന്നു. ടി തീയതി. ടി സ്ഥലം.

392. കൊച്ചുമെത്രാച്ചനു. ... തിരിച്ചയക്കണമെന്നു. 1095 മീനം 19-നു. കോട്ടയം.

395. എം. മാത്യു വക്കീലിനു. ... ടി തീയതി. ടി സ്ഥലം.

397. മലങ്കരയുള്ള എല്ലാ പള്ളികൾക്കും. റിശീസാ സംബന്ധിച്ചും മറ്റും. 1920-നു 1095 മീന മാസം 20-നു. കോട്ടയം സിമ്മനാരിയിൽ നിന്നും.

1920-നു 1095 മീനം 21-നു ഉച്ചകഴിഞ്ഞു മുണ്ടക്കയം പള്ളി കൂദാശയ്ക്കായി കാറിൽ പുറപ്പെട്ടു 4 മണിക്കു പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞശേഷം പുറപ്പെട്ടു മുസ്സാവരിയിൽ താമസിച്ചു. 1095 മീനം 22-നു ഞായറാഴ്ച മുണ്ടക്കയം പള്ളിയിൽ കുരിശു വെച്ചു ആദ്യമായി കുർബാന നാം അണച്ചു. ഏകദേശം 5 മണിയോടു കൂടി കാറിൽ പുറപ്പെട്ടു രാത്രി 8 മണിക്കു കോട്ടയം സിമ്മനാരിയിൽ എത്തി. ഉടൻതന്നെ വള്ളം കയറി 23-നു 10 മണിക്കു. പരുമല സിമ്മനാരിയിൽ എത്തി.

398. ഉപ്പൂട്ടിൽ യാക്കോബു കത്തനാർക്കു. മക്സി പീലിപ്പോസിന്റെ മകളുടെ കല്യാണത്തിനു പതാരം വയ്പിക്കരുതെന്നും മറ്റും. 1095 മീനം 24-നു. പരുമല സിമ്മനാരി.

399. ആറ്റുപുറത്തു ഗീവറുഗീസ് കത്തനാർക്കു. ദുഃഖവെള്ളിയാഴ്ച ക്രമം നടത്തി മറ്റെ കത്തനാരച്ചൻ ചൊല്ലാത്തപക്ഷം ഉയിർപ്പുശുശ്രൂഷയും നടത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

401. കായങ്കുളം പള്ളിക്കാർക്കു. മേടം 5-നു ശനിയാഴ്ച അവിടെ എത്തുന്നതാണെന്നും അതിനു ഒരുക്കമുണ്ടായിരിക്കണമെന്നും. 1095 മീനം 30-നു. പരുമല.

402. മരത്തംമൂട്ടിൽ ഗീവറുഗീസു കത്തനാർക്കു. തർക്കങ്ങൾ കേട്ടു തീരുന്നതുവരെ തവണ നടത്തണമെന്നു. ടി തീയതി. ടി സ്ഥലം.

403. അലക്സിനു. .... കത്തനാർ മുതലായവരെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

404. ഈപ്പൻ ഓവർസിയർക്ക്. അനുജൻ സ്കീപ്പാ തോമസിന്റെ മരണത്തിൽ അനുശോചിച്ചു. 95 മീനം 30-നു. പരുമല.

405. ഈവാനിയോസു മെത്രാച്ചനു. കണ്ടനാട്ടെ സംഗതി സംബന്ധിച്ചും മറ്റും. 1920-നു 1095 മീനം 30-നു. പരുമല സിമ്മനാരി.

406. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും ശീമക്കു എഴുതുന്നതിനും. ടി തീയതി. ടി സ്ഥലം.

407. തച്ചമിലാവിൽ മാത്തൻ ഇടിക്കുളയ്ക്കു. ടിയാന്റെ ജ്യേഷ്ഠന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

408. നാക്കോലയ്ക്കൽ ചാക്കോയ്ക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

409. സർക്കിൾ ഓഫീസർ സി. ടി. ഉമ്മനു. ടിയാന്റെ മകന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

410. കുന്ദംകുളം പുത്തൻപള്ളി തെങ്ങുങ്കൽ വറീതു ഇട്ടി മാത്തു മുതൽ പേർക്ക്. ടി പള്ളി പണിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

411. നൈനാൻ ശെമ്മാച്ചനു. വർത്തമാനങ്ങൾക്കു.

412. റ്റി. വി. ജോൺ ശെമ്മാച്ചനു. എം.ഡി. സിമ്മനാരിയിൽ ... മെന്നും മറ്റും. 1920-നു 1095 മീനം 30-നു. പരുമല സിമ്മനാരിയിൽ നിന്നും.

413. കുന്ദംകുളം പള്ളി കശീശന്മാർക്കു. കിഴക്കെ പുത്തൻപള്ളി പണിയിൽ വേണ്ടതു പ്രവർത്തിക്കണമെന്നു. 1095 മീനം 30-നു. പരുമല.

414. ആർത്താറ്റു കുന്ദംകുളം യുവജനങ്ങൾക്കു. അപേക്ഷയിൽ പറയുന്ന സംഗതികൾ പ്രവർത്തിക്കുന്നതിനു പ്രയാസമാണെന്നു. ടി തീയതി. ടി സ്ഥലം.

415. കോയിക്കലഴികത്തു ചെറിയാനു. അപേക്ഷാ സംഗതി കെ. വി. ഈപ്പനോടു പറയണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

416. ഓട്ടപുന്നയ്ക്കൽ മാത്തച്ചനു. ദീനം സുഖമായതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

417. കുന്ദംകുളം പുത്തൻപള്ളി. കാക്കുണ്ണി ഇക്കോരായ്ക്കു. ടി പള്ളിപണി നടത്തുന്നതിൽ ഉത്സാഹിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

418. കുരുവിള വർക്കിക്കു. കേസു ജോൺ വക്കീൽ സമാധാനപ്പെടുത്തുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

419. കുര്യൻ മാസ്റ്റർക്ക്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

420. കാക്കശ്ശേരി ഇട്ടി ഇട്ടി മാണി മാത്തുവിനു. കുന്ദംകുളം പുത്തൻപള്ളി പണിയിക്കണമെന്നും മറ്റും. 1095 മീനം 30-നു പരുമല സിമ്മനാരി.

421. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. 1920-നു 1095 മീനം 30-നു. പരുമല സിമ്മനാരി.

422. പനയ്ക്കൽ ചാക്കു കുഞ്ഞാത്തുവിനു. കിഴക്കേ പുത്തൻപള്ളിയുടെ പണിക്കു അഡ്വാൻസായി ചാക്കു ചിലവിട്ട പണം പണി പൂർത്തിയായതിന്റെ ശേഷം തിരികെ തരുന്നതിനു കല്പന അയച്ചുകൊള്ളാമെന്നും മറ്റും. 1920-നു 1095 മേടം 2-നു. പരുമല സിമ്മനാരി.

423. പി. കെ. ഇട്ടിമാത്തുവിനു. വർത്തമാനങ്ങൾക്കു. 1920-നു 1095 മേടം 2-നു. പരുമല സിമ്മനാരി.

424. കിളനാമണ്ണിൽ ഗീവറുഗീസു കത്തനാർക്കു. ഉള്ളന്നൂർ പള്ളിയിലെ പട്ടത്വ വരുമാനങ്ങൾ നാം അവിടെ എത്തുമ്പോൾ ക്ലിപ്തപ്പെടുത്തി തന്നുകൊള്ളാമെന്നും അതുവരെ സഹിച്ചും ക്ഷമിച്ചും നടത്തണമെന്നും മറ്റും. 1920-നു 1095 മേടം 2-നു. ടി സ്ഥലം.

425. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനു. അയച്ച സുറിയാനി എഴുത്തിന്റെ നക്കൽ തൽക്കാലം ശീമയ്ക്കു അയപ്പാൻ ആവശ്യമില്ലാത്തതിനാൽ കൈവശം സൂക്ഷിച്ചിരിക്കുന്നുയെന്നും മറ്റും. 1920-നു 1095 മേടം 2-നു. ടി സ്ഥലം.

426. വിലനിലത്തു വല്യകത്തനാരച്ചനു. റീശീസാ കൊണ്ടുവന്നു തന്നു എന്നും മറ്റും. 1920-നു 1095 മേടം 2-നു. പരുമല സിമ്മനാരി.

427. കായംകുളം പള്ളിക്കാർക്കു. മേടം 19-നു ശനിയാഴ്ച അവിടെ എത്തുന്നതാണെന്നും അതിനു ഒരുക്കമുണ്ടായിരിക്കണമെന്നും. 1095 മേടം 4-നു. ടി സ്ഥലം.

428. അവിടുത്തെ കുഴപ്പങ്ങൾ (തലവടി പടിഞ്ഞാറേക്കര പള്ളി) എല്ലാം പറഞ്ഞു തീർക്കുന്നതിനു തുമ്പമൺ യാക്കോബു കത്തനാരെ ഭരമേല്പിച്ച് അയക്കുന്നു. 1095 മേടം 4-നു. ടി സ്ഥലം.

430. മാവേലിക്കര പുതിയകാവു പള്ളിക്കാർക്കു. ഈ മാസം 10-നു ആയ അടുത്ത വ്യാഴാഴ്ച ഇവിടെ നിന്നും ആ പള്ളിയിൽ എത്തി താമസിക്കുന്നതാണെന്നും മറ്റും. എന്നു 1095 മേടം 7-നു.

431. ഡോ. ബാബായ്ക്കു. സമാധാനത്തിനായി ശ്രമിക്കണമെന്നും അപ്രേം മെത്രാനെ ഇങ്ങോട്ടയക്കരുതെന്നും മറ്റു വർത്തമാനങ്ങൾക്കും. ഏപ്രിൽ 17-നു. പരുമല.

432. പാറേട്ടു ശെമ്മാച്ചനു. വർത്തമാനങ്ങൾക്കു. 1920-നു. 1095 മേടം 9-നു. പരുമല സിമ്മനാരി.

433. മുളമൂട്ടിൽ തോമ്മസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

434. ചെറുവത്തൂർ പാത്തു വറിയതിനു. ചേലക്കര വിവരങ്ങൾ അറിയിച്ചതു നന്നായിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

435. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. സംഗതികൾ യോജിച്ചുപോകണമെന്നു. പെരുന്നാൾ കഴിഞ്ഞശേഷം നമ്മുടെ കൂടെ താമസിക്കണമെന്നും. ടി തീയതി. ടി സ്ഥലം.

436. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. സമുദായഭിന്നത രാജിയാക്കുന്നതിൽ സന്തോഷമാണെന്നും, റീശീസാ കിട്ടിയെന്നും മറ്റു വർത്തമാനങ്ങൾക്കും. 1920-നു 1095 മേടം 9-നു. പരുമല സിമ്മനാരി.

437. പുത്തൻവീട്ടിൽ സ്കറിയാ കത്തനാർക്കും

438. അറപ്പുരയിൽ ഗീവറുഗീസു കത്തനാർക്കും

439. കൊന്നയിൽ പീലിപ്പോസു കത്തനാർക്കും. കണ്ണങ്കോടു മുതലായ പള്ളികളിലെ റിശീസാ പണം ഉടനെ അയച്ചുതരണമെന്നും മറ്റും. 1920-നു 1095 മേടം 9-നു. പരുമല സിമ്മനാരി.

440. കാഞ്ഞിരക്കാട്ടു മത്തായി കത്തനാർക്കു. റിശീസാ പണം കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

441. മഴുവഞ്ചേരി പറമ്പത്തു പൗലോകുഞ്ഞിച്ചാക്കുവിനു. മകന്റെ കല്യാണത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

442. മാമ്മൻ മാപ്പിളയ്ക്കു. കണ്ണങ്കോടു ലൂക്കോസു കത്തനാരച്ചന്റെ കാര്യം സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

443. നെല്ലിമൂട്ടിൽ അലക്സിനു. വന്ന വ്യാജ എഴുത്തിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

444. പനയ്ക്കൽ യാക്കോബു കത്തനാർക്കു. ചേലക്കര പള്ളിഭരണം ഒഴിയണമെന്നിരുന്നാൽ പള്ളിക്കാരെക്കൊണ്ടു അപേക്ഷ അയയ്ക്കണമെന്നു. ടി തീയതി. ടി സ്ഥലം.

445. പി. സി. ചാക്കോയ്ക്കു. പ്രസംഗങ്ങൾ ... ഇഷ്ടംപോലെ ചെയ്യണമെന്നു. 1920-നു 1095 മേടം 9-നു. പരുമല സിമ്മനാരിയിൽ നിന്നും.

446. കൊച്ചുമെത്രാച്ചനു. തോമ്മസു ശെമ്മാച്ചന്റെ ദീനത്തെ സംബന്ധിച്ചും മറ്റും. 1920-നു 1095 മേടം 9-നു. പരുമല സിമ്മനാരിയിൽ നിന്നും.

447. കെ. കെ. ലൂക്കോസിനു. ബ്രഹ്മവാർ കമ്പനിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

448. പട്ടച്ചേരിൽ കീവർച്ചനു. കുണ്ടറ സിമ്മനാരിയിൽ പഠിപ്പിക്കുന്നതിനു സാധിക്കുമോ എന്നും മറ്റും. 1095 മേടം 10-നു. പരുമല സിമ്മനാരി.

449. താനുവേലിൽ ഗീവറുഗീസു കത്തനാർക്കും

450. കോട്ടയ്ക്കൽ ചാക്കോയ്ക്കും

451. കിളന്നമണ്ണിൽ ഗീവറുഗീസു കത്തനാർക്കും. അതാതു പള്ളികളിലെ റിശീസാ പണം അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1095 മേടം 10-നു ഉച്ചകഴിഞ്ഞു പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു ഇടയ്ക്കു കരത്തേടത്തു കയറി കാപ്പി കഴിഞ്ഞു വീണ്ടും പുറപ്പെട്ടു 6 മണിയോടു കൂടി മാവേലിക്കര പള്ളിയിൽ എത്തി.

452. വെൺമണി പള്ളിക്കാർക്കു. ടി പള്ളിക്കാരുടെ തർക്കങ്ങൾ കേട്ടു തീരുമാനിക്കുന്നതിനായി അടുത്ത തിങ്കളാഴ്ച ഇവിടെ എത്തണമെന്നു. 1920-നു 1095 മേടം 11-നു. മാവേലിക്കര പള്ളിയിൽ നിന്നും.

453. കുന്നത്തു പള്ളി യോഗജനങ്ങൾക്കും

454. കല്ലിമേൽ പള്ളി യോഗജനങ്ങൾക്കും. ഈ മാസം 14-നു തിങ്കളാഴ്ച ഇവിടെ എത്തണമെന്നു. 1920-നു 1095 മേടം 12-നു. മാവേലിക്കര പള്ളിയിൽ നിന്നും.

455. ഫാദർ പി. റ്റി. ഗീവർഗീസ് അവർകൾക്കു, ബഥനി ആശ്രമം. സി. എം. തോമസ് ശെമ്മാച്ചന്റെ സുഖക്കേടു പ്രമാണിച്ച് ടാക്കൂർ പണിക്കരു ശെമ്മാച്ചൻ ബഥനിയിൽ നിന്നും കുണ്ടറയ്ക്കു പോകണമെന്ന്. ടി തീയതി. ടി സ്ഥലം.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

കൈസേരിയായിലെ മാർ ബസേലിയോസിന്റെ ഒന്നാം സങ്കീർത്തനത്തെ ആസ്പദമാക്കിയുള്ള പ്രസംഗം

ഫാ. ജോബ് സാം മാത്യു

(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

തിരുവെഴുത്തുകളെ മനോഹരമായി വ്യാഖ്യാനിച്ചിരുന്ന ഒരു സഭാപിതാവാണ് കൈസേറിയയിലെ മെത്രാപ്പോലീത്തയായിരുന്ന വലിയ മാർ ബസേലിയോസ്. ഉത്തമസന്യാസിയും വേദശാസ്ത്രജ്ഞനും പ്രഭാഷകനും സാമൂഹ്യ പ്രവർത്തകനുമായിരുന്ന അദ്ദേഹത്തിന്റെ കൃതികൾ ഏറെ സ്വീകാര്യത നേടിയവയാണ്. ഒന്നാം സങ്കീർത്തനത്തെ ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പ്രാരംഭത്തിൽ സങ്കീർത്തനങ്ങളുടെ സവിശേഷതകൾ മനോഹരമായി അദ്ദേഹം വിവരിക്കുന്നുണ്ട്.

ദൈവശ്വാസീയമാണ് എല്ലാ തിരുവെഴുത്തുകളും എന്ന സത്യം വെളിപ്പെടുത്തിയാണ് അദ്ദേഹം തന്റെ പ്രഭാഷണം ആരംഭിക്കുന്നത്. തിരുവെഴുത്തുകൾ ഉപകാരപ്രദമാണ്. അത് നമ്മുടെ സൗഖ്യത്തിനായി പരിശുദ്ധാത്മാവിനാൽ രചിക്കപ്പെട്ടതാണ്. ശാന്തി (calmness) മഹാപാതകങ്ങൾ ചെയ്യാതിരിപ്പാൻ കാരണമാകും എന്ന് സഭാപ്രസംഗി (10:4) പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്. പ്രവാചകന്മാരും ചരിത്രകാരന്മാരും നിയമവും സദൃശ്യവാക്യങ്ങളും ചില കാര്യങ്ങൾ നമ്മളോടു പറയുന്നുണ്ട്. എന്നാൽ സങ്കീർത്തനങ്ങൾ അവയിലും പ്രയോജനപ്രദമായത് നമുക്കു നൽകുന്നു. അത് ഭാവി സംഭവങ്ങൾ പ്രവചിക്കുന്നു. ചരിത്രത്തെ അനുസ്മരിക്കുന്നു. ജീവിതത്തിൽ ആവശ്യമായ നിയമങ്ങൾ ചിട്ടപ്പെടുത്തുന്നു. എന്തു പ്രവർത്തിക്കണമെന്ന മാർഗ്ഗദർശനവും നൽകുന്നു.

ഓരോ വ്യക്തിക്കും ആവശ്യമായതു നൽകാൻ കഴിയുന്ന സദുപദേശങ്ങളുടെ ഭണ്ഡാരമാണ് സങ്കീർത്തനങ്ങൾ. ആത്മാവിന്റെ പഴയ മുറിവുകൾ അത് പൂർണ്ണമായും സൗഖ്യമാക്കും. അടുത്തകാലത്തുണ്ടായ മുറിവുകളെ പെട്ടെന്ന് ഭേദപ്പെടുത്തും. മുറിവേറ്റവരെ സൗഖ്യമാക്കുകയും ആരോഗ്യമുള്ളവരെ സംരക്ഷിക്കുകയും ചെയ്യും. മനുഷ്യജീവിതത്തിൽ ഉടനീളം ആത്മാക്കളുടെ മേൽ ആധിപത്യം പുലർത്തുന്ന അഭിനിവേശങ്ങളെ (passions) സമൂലമായി ഉന്മൂലനം ചെയ്യും. ക്രമീകൃതമായ വിധത്തിൽ അഭിനിവേശങ്ങളെ അനുനയിപ്പിക്കുകയും ഉദാത്തമായ ചിന്തകളാൽ രമ്യത (sweetness) പകരുകയും ചെയ്യും.

നാം സത്പ്രവർത്തികളിലേക്കു മെല്ലെ മാത്രമാണ് അടുക്കുന്നത്. ഭൗതിക അഭിലാഷങ്ങളോടു നാം ചായ്‌വ് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഋജുവായ ജീവിതം (upright life) നാം നയിക്കാത്തത് പരിശുദ്ധാത്മാവ് കാണുന്നുണ്ട്. ഇവിടെ ക്രിസ്തീയ പ്രബോധനങ്ങൾ മധുര സംഗീതത്തോടു നമുക്ക് ഉപമിക്കാം. അത് രോഗം മാറാൻ ഉത്തമവും, എന്നാൽ കൈപ്പ് നിറഞ്ഞതായ മരുന്ന്, തേനിനോടു കൂടി ചേർത്തു രോഗിക്ക് നൽകുന്നതിനു സമാനമാണ്. ഇവിടെ മാർ ബസേലിയോസ് മനുഷ്യനു സൗഖ്യം പകരുവാൻ സങ്കീർത്തനങ്ങൾക്ക് കഴിയും എന്ന ആശയം വളരെ പ്രാധാന്യത്തോടെ വിവരിക്കുന്നു. സങ്കീർത്തനങ്ങളെ ഒരു ഉത്തമ ഔഷധത്തോടാണ് അദ്ദേഹം ഉപമിക്കുന്നത്.

അങ്ങനെ നമുക്കായി ശ്രുതി മധുരമായ സങ്കീർത്തനങ്ങൾ ചിട്ടപ്പെടുത്തി ലഭിച്ചിട്ടുണ്ട്. പ്രായത്തിൽ ശിശുക്കളായവർക്കും സദ്ഗുണങ്ങൾ പുലർത്തുന്നവർക്കും ആത്മീയ പരിശീലനം സാധ്യമാക്കുന്നതിന് സങ്കീർത്തനങ്ങൾ നൽകപ്പെട്ടിരിക്കുന്നു. സങ്കീർത്തനം ആലപിക്കുന്നത് ഉപകാരപ്രദമാണ്. അത് മനസ്സിന്റെ സ്ഥിരതയ്ക്കും വിദ്വേഷം ശമിപ്പിക്കുന്നതിനും സഹായിക്കും. മധുര സംഗീതം ആത്മാവിൻറെ വൈരാഗ്യത്തെ ഇല്ലാതാക്കും.

ഒരു സങ്കീർത്തനം ആത്മാവിന്റെ പ്രശാന്തത വെളിപ്പെടുത്തുന്നു. അത് സമാധാനത്തിന്റെ രചയിതാവാണ്. ഒപ്പം വഴിതെറ്റുന്നതും കോപാകുലവുമായ ചിന്തകളെ ശാന്തമാക്കുന്നതിനും സങ്കീർത്തനം സഹായിക്കും. അത് ആത്മാവിന്റെ രോഷത്തെ ഇല്ലാതാക്കും. കടിഞ്ഞാണില്ലാത്തവയെ ശാന്തമാക്കും. വിദ്വേഷത്തിൽ ഇരിക്കുന്നവരെ അനുരഞ്ജനത്തിലേക്ക് നയിച്ച്, ഐക്യം രൂപപ്പെടുത്തി സൗഹൃദങ്ങൾ വളർത്തും. ദൈവത്തോടു ഒരേ പ്രാർത്ഥന ഉച്ചരിക്കുന്ന വ്യക്തികൾക്ക് എങ്ങനെയാണ് പരസ്പരം ശത്രുതയിൽ കഴിയാനാവുക?



ഇവിടെ മനുഷ്യർ തമ്മിലുള്ള ബന്ധം സൗഹാർദ്ദപരമാക്കുന്നതിൽ സങ്കീർത്തനങ്ങൾക്കുള്ള പങ്ക് മാർ ബസേലിയോസ് ചൂണ്ടിക്കാണിക്കുന്നു. ഒരേ താളത്തിൽ, ശ്രുതിബന്ധം നഷ്ടമാകാതെ ആലപിക്കുമ്പോൾ, ദൈവത്തിൽ പൂർണമായി ചേർന്നുനിൽക്കുവാൻ സങ്കീർത്തനങ്ങൾ സഹായിക്കും എന്ന് ആശയമാണ് അദ്ദേഹം ഇവിടെ പങ്കുവെക്കുന്നത്.

ഒരേ സ്വരത്തിൽ സങ്കീർത്തനം ആലപിക്കുന്നതു വഴി ഐക്യത്തിലേക്ക് കടന്നു വരാനാകും. അത് ദീനാനുകമ്പ (charity) എന്ന ശ്രേഷ്ഠമായ സദ്ഗുണത്തെ ഉത്പാദിപ്പിക്കും. പിശാചുക്കൾക്കെതിരെയുള്ള ഒരു കോട്ടയാണ് സങ്കീർത്തനം. അത് മാലാഖമാരുടെ സഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണ്. രാത്രിയിലെ ഭീതിയിൽ ഒരു ആയുധമാണത്. അധ്വാനത്തിൽ നിന്നുള്ള വിശ്രമവുമാണ്. ശിശുക്കൾക്ക് സംരക്ഷണവും ഊർജ്ജസ്വലർക്ക് അലങ്കാരവും മുതിർന്നവർക്ക് ആശ്വാസവും സ്ത്രീകൾക്ക് ഉചിതമായ ആഭരണവുമാണ് സങ്കീർത്തനങ്ങൾ. അത് ഏകാകികൾക്ക് കൂട്ടായ്മ പകരുന്നു. ധാരാളിത്തമുള്ള കച്ചവട കേന്ദ്രങ്ങളെ രൂപാന്തരപ്പെടുത്തുന്നു. അദ്ധ്യാത്മികതയിൽ തുടക്കക്കാർക്ക്

പ്രാഥമികമായ വ്യാഖ്യാനം നൽകുന്നു. അതിൽ പുരോഗമിക്കുന്നവർക്ക് കൂടുതൽ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു. ഉത്തമന്മാർക്ക് ഉറച്ച പിന്തുണയും നൽകുന്നു.

സങ്കീർത്തനങ്ങൾ സഭയുടെ ശബ്ദമാണ് (voice of the Church). അത് പെരുന്നാൾ ദിനങ്ങളെ ശോഭയുള്ളതാക്കുന്നു. ദൈവികമായ ദുഃഖം പകരുന്നു. പാറ പോലെ ഉറച്ച ഹൃദയത്തിൽ നിന്നുപോലും കണ്ണുനീർ പ്രവഹിപ്പിക്കാൻ സങ്കീർത്തനത്തിനു കഴിയും. മാലാഖമാരുടെ പ്രവർത്തിയും (work of the angels) സ്വർഗീയമായ സ്ഥാപനവും (a heavenly institution) ആത്മീയ സുഗന്ധദ്രവ്യവുമാണ് (spiritual incense) സങ്കീർത്തനങ്ങൾ.

നാം ആലപിക്കുന്നവ, എളുപ്പം മനസ്സിലാക്കി ഉപകാരപ്രദമാകണം എന്നു വിഭാവനം ചെയ്ത ഗുരു, എത്രയോ വലിയ ജ്ഞാനിയാണ്! അപ്രകാരം നമ്മുടെ മനസ്സുകളിൽ ഈ പ്രബോധനങ്ങൾ ആഴത്തിൽ വേരുന്നുന്നു. അടിച്ചേൽപ്പിക്കുന്ന പാഠങ്ങളല്ല, സന്തോഷത്തോടും സംപ്രീതിയോടും നമ്മുടെ മനസ്സിലേക്ക് എത്തുന്നതാണ് എപ്പോഴും നിലനിൽക്കുക. സങ്കീർത്തനങ്ങളിൽ നിന്നും പഠിക്കുവാൻ കഴിയാത്തത് എന്താണ്? നിർഭയത്വത്തിന്റെ മാഹാത്മ്യവും (grandeur of courage), നീതിയുടെ കണിശതയും (exactness of justice), അനുതാപത്തിന്റെ ക്രമവും (manner of penance), സഹനത്തിന്റെ മാനദണ്ഡവും (measure of patience) നമുക്ക് സങ്കീർത്തനങ്ങളിൽ അറിയാനാകും.

അതിൽ ഉത്തമമായ വേദശാസ്ത്രമുണ്ട്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പ്രവചനങ്ങളുണ്ട്. ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പും പുനരുത്ഥാനത്തിന്റെ പ്രത്യാശയും ശിക്ഷയെ സംബന്ധിക്കുന്ന ഭയവും മഹത്വത്തിന്റെ പ്രതീക്ഷയും രഹസ്യങ്ങളുടെ അനാവരണവും സങ്കീർത്തനങ്ങളിലുണ്ട്. ഒരു പൊതു ഭണ്ഡാരം പോലെ സകലതും സങ്കീർത്തന പുസ്തകത്തിൽ ശേഖരിച്ചിരിക്കുന്നു. ഭൗതികമായവയിൽ ആശ്രയിക്കാതെ സ്വർഗീയമായത് നാം സൂക്ഷ്മതയോടെ അന്വേഷിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നതിനായി, ശ്രുതി മധുരമായ താളം രൂപപ്പെടുത്തുന്നതിനു ദൈവാത്മാവ് നൽകിയ കിന്നരം (വമ്പു) ഉപയോഗിച്ചാണ് സങ്കീർത്തനം ആലപിക്കുന്നത്. കിന്നരം മറ്റെല്ലാ സംഗീത ഉപകരണങ്ങളെക്കാളും ശ്രേഷ്ഠമാണ്. കിന്നരത്തിന്റെ ഘടന പ്രവചനങ്ങൾ മികവോടും വിവേകത്തോടും മനസ്സിലാക്കാൻ സഹായിക്കുന്ന വിധത്തിലാണ്. കാരണം ആത്മാവിൽ ക്രമവും താളവും ഉള്ളവർക്ക് ഉന്നതമായവയിലക്കു സുഗമമായ പാതയുണ്ട്.

സങ്കീർത്തനത്തിൻറെ സവിശേഷതകളായി ഇത്രയും കാര്യങ്ങൾ മാർ ബസേലിയോസ് ചൂണ്ടിക്കാണിക്കുന്നു. യഹൂദ-ക്രൈസ്തവ ആധ്യാത്മിക സരണികളിൽ ഉന്നതമായ സ്ഥാനം സങ്കീർത്തനത്തിനുണ്ട് എന്നതാണ് ഇതിലൂടെ അദ്ദേഹം വെളിപ്പെടുത്തുന്നത്. തുടർന്ന് ഒന്നാം സങ്കീർത്തനത്തിന്റെ ഒരു വ്യാഖ്യാനം അദ്ദേഹം നൽകുന്നു. അത് അടുത്ത ലക്കത്തിൽ പരാമർശിക്കാം. ❑

ചർച്ച് ബില്ലിൽ നിന്നും പിന്മാറി സുപ്രീംകോടതി വിധി ഉടൻ നടപ്പിലാക്കണമെന്ന് 'കോമ' ആവശ്യപ്പെട്ടു.

കുന്നംകുളം: 2017 ജൂലൈ മൂന്നിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും ഉണ്ടായ വിധി രാജ്യത്തെ നിയമമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ട് പ്രസ്തുത വിധി ഉടൻ നടപ്പിലാക്കണമെന്നും ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങി,രാജ്യവിരുദ്ധ ശക്തികൾക്ക് കീഴടങ്ങിക്കൊണ്ടും രാജ്യത്തിൻറെ ഭരണഘടനയെ വെല്ലുവിളിച്ചുകൊണ്ടും ചർച്ച് ബിൽ ഉൾപ്പെടെയുള്ള നിയമവിരുദ്ധ നീക്കങ്ങളിൽ നിന്ന് കേരള സർക്കാർ അടിയന്തരമായി പിന്മാറണമെന്ന് 'കോമ' ഭാരവാഹികളുടെ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാബാവ ഉൾപ്പെടെ സഭയുടെ ഉന്നത സമിതികൾ നടത്തുന്ന വിട്ടുവീഴ്ചയില്ലാത്ത ശ്രമങ്ങൾക്കുള്ള ഐക്യദാർഢ്യം യോഗം പ്രഖ്യാപിച്ചു.


നിയമനിർമ്മാണ നീക്കവുമായി സർക്കാർ മുന്നോട്ടു പോകുകയാണെങ്കിൽ അതിനെതിരെ നിയമനടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു കൊണ്ട് മുന്നോട്ടുപോകുന്നതിന് യോഗം തീരുമാനിച്ചു.

സ്വദേശത്തും വിദേശത്തും ഉൾപ്പെടെയുള്ള വ്യാപാര രംഗത്ത് നേരിട്ടും അല്ലാതെയും പ്രവർത്തിച്ചുവരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗങ്ങളായ, കുന്നംകുളം ഭദ്രാസനത്തിൽ ഉൾപ്പെടുന്ന ദേശത്തെ മുഴുവൻ വ്യക്തികളെയും ഒന്നിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തനമാരംഭിച്ച സംഘടനയാണ് കുന്നംകുളം ഓർത്തഡോക്സ് മർച്ചന്റ് അസോസിയേഷൻ- 'കോമ'. സംഘടനയിലെ അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ചാരിറ്റി പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ നടത്തുന്നതിനുവേണ്ടി ഈയിടെയാണ് സംഘടന രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്.

സംഘടനയുടെ തുടർ പ്രവർത്തനങ്ങൾക്കായി അമേരിക്കയിലേക്ക് യാത്ര തിരിക്കുന്ന പ്രസിഡൻറ് പി. യു. ഷാജന് യാത്രയയപ്പ് നൽകിയ യോഗത്തിൽ, സംഘടനയുടെ രക്ഷാധികാരി കൂടിയായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജിന്നി കുരുവിള, ട്രഷറർ അപ്പുമോൻ സി. കെ., വൈസ് പ്രസിഡൻറ് സി. ജെ. രാജു, ജോയിൻറ് സെക്രട്ടറി പി. കെ. പ്രജോദ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഗിൽബർട്ട് എസ്. പാറമേൽ, ദിൽജോ ഡേവിസ്, അഡ്വ. ഗിൽബർട്ട് ചീരൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബൈബിളിൽ ഏറ്റവും കൂടുതൽ അദ്ധ്യായങ്ങൾ സുറിയാനി ഭാഷയിലേക്ക് പകർത്തി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന് അർഹനായ ചുനക്കര മാർ ബസേലിയോസ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗം അനീഷ് പി. കുഞ്ഞുമോൻ.






സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994-ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



18

മാർ ഈവാനിയോസ് മാറിയത് ഏതു സഭയിൽ നിന്ന്?

1093 (1918 എ.ഡി.) കന്നി 16-നു തിരുവനന്തപുരം ജില്ലാക്കോടതി മുമ്പാകെ 88-ൽ സി 94-ാം നമ്പരിൽ വാദി (1 മുതൽ 3 വരെ പ്രതികൾ) ഭാഗം 51-ാം സാക്ഷിയായി സത്യം ചെയ്ത് ഫാ. പി. റ്റി. ഗീവർഗീസ്, 35 വയസ്സ്, മലങ്കര സുറിയാനി ക്രിസ്ത്യാനി (പ്രഫസർ, സെറാമ്പൂർ കോളജ്) മൊഴി കൊടുത്തു: "ഞാൻ മലങ്കര യാക്കോബായ സുറിയാനി സഭയിലെ ഒരു പട്ടക്കാരനാണ്."

മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയിൽ ചേരുന്നതിന് മുമ്പ് ബഥനി ആശ്രമ സുപ്പീരിയർ എന്ന നിലയിൽ *ഗിരിദീപം* എന്ന ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ഗ്രന്ഥം രണ്ടാം എഡീഷൻ എട്ടാം പേജ് മുതൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"(അബ്ദുള്ള) പാത്രിയർക്കീസ് ബാവാ ആദ്യമായി കുന്നംകുളം ആർത്താറ്റു പള്ളിയിൽ എഴുന്നള്ളി സ്വല്പനാൾ അവിടെ താമസിച്ചശേഷം ആഘോഷപൂർവ്വം 1085 തുലാം 3-നു കോട്ടയം പഴയസെമിനാരിയിൽ എത്തിച്ചേർന്നു. തദവസരത്തിൽ ബാവായുടെ ലൗകികാധികാര വാഞ്ഛയുടെയും അതോടൊപ്പം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ വൈമുഖ്യത്തിന്റെയും ലാഞ്ഛനകളും അവിടവിടെ പ്രത്യക്ഷപ്പെട്ടതോടുകൂടി മെത്രാപ്പോലീത്തായുടെ പൂർവ്വവൈരികൾ തങ്ങളുടെ അഭിലാഷപൂർത്തിക്കായുള്ള കാലം വന്നണഞ്ഞതിനാൽ സന്തോഷിച്ച് ആയുധങ്ങൾ കൈയിലെടുത്തു. ഇക്കാലത്ത് മെത്രാപ്പോലീത്തായുടെ പക്ഷം നിൽക്കുന്നവർ മുന്നോട്ടു ചാടുവാൻ ഇടയാവുകയും അവരെ ഓരോരുത്തരെയും കെണിയിൽ പിടിച്ചു ബന്ധിക്കുവാൻ മെത്രാപ്പോലീത്തായുടെ വൈരികൾ ശ്രമം തുടരുകയും ചെയ്തു" (പേജ് 9).

എം. ഡി. സെമിനാരിയിലെ ഉയർന്ന ക്ലാസ്സുകളിൽ വേദം പഠിപ്പിക്കുന്നത് നാം ആയിരുന്നു. ... ഒരു വിദ്യാർത്ഥി 'മേൽപ്പട്ടക്കാരെ വാഴിക്കുന്നതിന് ആർക്കാണധികാരം?' എന്നു ചോദിച്ചു. അതിനുത്തരമായി "അധികാരം മേൽപ്പട്ടക്കാരുടെ സുന്നഹദോസിനാണെന്നും, രണ്ടോ മൂന്നോ മേൽപ്പട്ടക്കാർ കൂടിയാൽ മേൽപ്പട്ടക്കാരനെ വാഴിക്കാമെന്ന് നിഖ്യാ സുന്നഹദോസിൽ തീരുമാനിച്ചിട്ടുണ്ടെന്നും, അൽവാറീസ് മെത്രാച്ചനെ മലങ്കരയുള്ള മൂന്നു മേൽപ്പട്ടക്കാർ കൂടി വാഴിച്ചതാണെന്നും, മറ്റും, വിദ്യാർത്ഥികളുടെ തുടരെത്തുടരെയുള്ള ചോദ്യങ്ങൾക്കു നാം മറുപടി പ്രസ്താവിച്ചു പോയി. ഇതൊക്കെ പതിന്മടങ്ങു വലിപ്പത്തിൽ ബാവായുടെ ചെവിയിൽ എത്തുകയും, തൽഫലമായി നമുക്ക് ബാവായുടെ സന്നിധിയിൽ ഹാജരാകേണ്ടി വരികയും ചെയ്‌വാൻ ഇടയായി എന്നു പറഞ്ഞാൽ മതിയല്ലോ.

പാത്രി: പാത്രിയർക്കീസന്മാർക്കു മാത്രമല്ല കാതോലിക്കായ്ക്കും മെത്രാന്മാർക്കും മൂറോൻ കൂദാശ ചെയ്യാമെന്നും, മെത്രാന്മാരെ വാഴിക്കാമെന്നും, പള്ളിക്കൂടത്തിൽ പഠിപ്പിച്ചു എന്ന് കേൾക്കുന്നത് വാസ്തവമോ? (പേജ് 10).

നാം മൗനം അവലംബിച്ചു. മൂറോൻ കൂദാശ നടത്തുവാൻ പാത്രിയർക്കീസിനും മെത്രാപ്പോലീത്തായ്ക്കും അധികാരം ഉള്ളതാണെന്നും, എപ്പിസ്കോപ്പന്മാരെ വാഴിക്കുവാൻ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന് കഴിവുള്ളതാണെന്നും മനഃസാക്ഷിക്കൊത്ത സത്യത്തിന് അനുകൂലമായി നാം പഠിപ്പിച്ചത് തെറ്റാണെന്നായിരിക്കുമോ ബാവാ വിധി കല്പിക്കുന്നത് എന്നാലോചിച്ച് നാം കുഴങ്ങി.

നാം: മൂറോനെപ്പറ്റി യാതൊന്നും ഞാൻ ക്ലാസ്സിൽ പഠിപ്പിച്ചില്ല. അക്കാര്യമേ അവിടെ വെച്ച് ഞാൻ മിണ്ടിയില്ല. മേല്പട്ടക്കാരെ വാഴിക്കുന്നതിനെക്കുറിച്ച് മാത്രമേ പറഞ്ഞിട്ടുള്ളു.

പാത്രി: ശരി, അങ്ങനെ പഠിപ്പിക്കാനുള്ള കാരണം?

നാം: ഹൂദായ കാനോനിൻ അങ്ങനെ കാണുന്നുണ്ടല്ലൊ. സഭയുടെ നിയമത്തിനു വിരോധമായി ഞാൻ പഠിപ്പിച്ചില്ല.

പാത്രി: (സമീപെ നില്ക്കുന്ന കോനാട്ട് മല്പാനോടും ഔഗേൻ റമ്പാനോടും).

“ഇയാളുടെ വഴി വിസ്താരമുള്ളതാകുന്നു. ഇയാൾ വിജ്ഞാന സമുദ്രം തന്നെ” എന്നു നമ്മെ ഒന്നു കളിയാക്കി കല്പിച്ചപ്പോൾ ഔഗേൻ റമ്പാൻ “പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ച് ഒന്നും പറഞ്ഞില്ലല്ലൊ.”

പാത്രി: നാം നിങ്ങളോടു ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കട്ടെ. മുട്ടു കുത്തുക.

നാം: “ഇതിൽ യാതൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല. എങ്കിലും അവിടുത്തെ അനുഗ്രഹം ആവശ്യമാണ്” എന്നു പറഞ്ഞ് ഭക്തിപൂർവ്വം നാം മുട്ടിന്മേൽ നിന്നു” (പേജ് 3).

1118 (1943) തുലാം 27 മുതൽ ഹരിപ്പാട് മുൻസിഫ് കോടതിയിൽ 112 സിവിൽ 202-ാം നമ്പർ കേസിൽ പ്രതിഭാഗം ഒന്നാം സാക്ഷി മാർ ഈവാനിയോസ് നൽകിയ മൊഴിപ്പകർപ്പ്: “അബ്ദുള്ള പാത്രിയർക്കീസ് ബാവ 1085-ൽ (1910) മലങ്കരെ വന്നിട്ടുണ്ട്. അന്ന് നമ്മെ സമുദായത്തിൽ നിന്ന് വിസ്തരിച്ച് ബഹിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ ശിഷ്യന്മാരെ പഠിപ്പിച്ച കൂട്ടത്തിൽ വേദസംബന്ധമായ കാര്യങ്ങൾ പ്രസ്താവിച്ചു. യാക്കോബായ സഭയിൽ പ്രധാന കർമ്മങ്ങൾക്കുപയോഗിക്കുന്ന മൂറോൻ തൈലം ശുദ്ധീകരിക്കുന്നതിന് പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും അധികാരമുണ്ടെന്നു യാക്കോബായ സഭയുടെ കാനോൻ നിയമസംഹിതയാകുന്ന ഹൂദായ കാനോനിൽ ചട്ടപ്പെടുത്തിയിരിക്കുന്നതിനെ ക്ലാസ്സിൽ പ്രസ്താവിച്ചു. കുറെനാൾ കഴിഞ്ഞപ്പോൾ അബ്ദുള്ള പാത്രിയർക്കീസ് ബാവ മലങ്കരെ വന്ന അവസരത്തിൽ അദ്ദേഹത്തിന്റെ അധികാരത്തിനു ന്യൂനത വരത്തക്കവിധത്തിൽ നാം പഠിപ്പിച്ചു എന്ന് ചിലർ അദ്ദേഹത്തിന്റെ അടുക്കൽ പരാതിപ്പെട്ടു. ഇതേപ്പറ്റി നമ്മെ വിസ്തരിച്ചു. ബാവാ യാക്കോബായ സഭയിൽ നിന്ന് നമ്മെ ബഹിഷ്ക്കരിച്ചു (ആർച്ച് ബിഷപ്പിന്റെ ജീവചരിത്രം, ഇഞ്ചക്കലോടി, വാല്യം 1, 1957, p. 389).

Letter from Mar Ivaniose to Sri. E. J. John

Thiruvalla
March 1930

My dear Sir,

1930 മാർച്ച് 18-നു തിങ്കളാഴ്ചത്തെ കത്തിനുള്ള കൃതജ്ഞത ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളുന്നു. ... ഇക്കഴിഞ്ഞ ജീവിതകാലം മുഴുവൻ ഞങ്ങൾ ജനിച്ച സമുദായത്തിന്റെ അഭ്യുന്നതിക്കുവേണ്ടി എത്രയും ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടുണ്ടെന്നത്രെ എന്റെയും മാർ തെയോഫിലോസിന്റെയും സുദൃഢമായ ബോദ്ധ്യം.

ഇക്കഴിഞ്ഞ ഫെബ്രുവരി 25-നു ബുധനാഴ്ച താങ്കളെ തിരുവനന്തപുരത്തു വച്ച് നാം കണ്ടപ്പോൾ സമുദായ ഭാവിക്ക് ഏറ്റം അത്യന്താപേക്ഷിതമാണെന്ന് നമുക്കു ബോദ്ധ്യപ്പെട്ട ഏതാനും നിർദ്ദേശങ്ങൾ താങ്കളെ ഏല്പിക്കുകയുണ്ടായല്ലോ. ...

കള്ളമൊഴികളുടെ പെരുമഴ

ആലപ്പുഴ ജില്ലാക്കോടതിയിൽ 1109 സിവിൽ 213-ാം നമ്പരിൽ പ്രതിഭാഗം രണ്ടാം സാക്ഷിയായി 1119 മിഥുനം 22-നു മാർ ഈവാനിയോസ് കൊടുത്ത മൊഴിയിൽ ഇപ്രകാരം കാണുന്നു:

ചോദ്യം: തിരുമേനി ബഥനി സ്ഥാപിച്ചത് ഏതാണ്ടിലാണ്?

ഉത്തരം: 1093-ൽ നാം സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരിക്കുന്ന കാലത്ത് അവിടെ നിന്നും പണം അയച്ചുകൊടുത്ത് റാന്നി പകുതിയിൽ ഒരു സ്ഥലം വാങ്ങിക്കയും കെട്ടിടം വയ്ക്കുകയും ആളെ താമസിപ്പിക്കയും ചെയ്തിട്ടാണ് ബഥനി സ്ഥാപിച്ചത്.

ചോദ്യം: ... ബഥനി സ്ഥാപിക്കുന്ന കാലത്ത് തിരുമേനി യാക്കോബായ സഭയിലെ ഒരു പട്ടക്കാരനായിരുന്നോ?

ഉത്തരം: കൊല്ലം 1086-ൽ യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസ് നമ്മെ യാക്കോബായ സഭയിൽ നിന്ന് ഭ്രഷ്ടാക്കി ശപിച്ച് പുറത്തു തള്ളി. തന്നിമിത്തം യാക്കോബായ സഭയിൽ നമുക്കുള്ള മെംബർഷിപ്പ് (അംഗത്വം) നഷ്ടപ്പെട്ടുപോയി എങ്കിലും അതിനു മുമ്പ് യാക്കോബായ സഭയിലെ മേല്പ്പട്ടക്കാരനിൽ നിന്നും ലഭിച്ചിരുന്ന പട്ടം (Priesthood) ഭ്രഷ്ട് നിമിത്തം നഷ്ടപ്പെടാതിരുന്നതുകൊണ്ട് 1093-ൽ നാം ബഥനി സ്ഥാപിച്ച കാലത്ത് യാക്കോബായ സഭയിലെ പട്ടക്കാരനായിരുന്നു എന്നു പറയാം. എന്നാൽ യാക്കോബായ സഭയിലെ അംഗമല്ലായിരുന്നു.

ചോദ്യം: ... ഇന്ന് തിരുമേനിയെ യാക്കോബായ സഭയിലെ ഒരു പട്ടക്കാരനെന്നോ മേൽപ്പട്ടക്കാരനെന്നോ പറഞ്ഞാൽ അതു ശരിയായിരിക്കുമോ?

ഉത്തരം: നാം യാക്കോബായ സഭയിലെ ഒരു മെത്രാനിൽ നിന്ന് കശീശാപ്പട്ടം സമ്പാദിച്ചയാളും ആകുന്നു എന്ന് കാണിക്കുന്നതിനു മാത്രം ഉദ്ദേശിച്ച് ചോദ്യത്തിൽ പറയുന്ന വാചകപ്രകാരം നമ്മെ യാക്കോബായ സഭയിലെ പട്ടക്കാരനെന്ന് ആരെങ്കിലും പറഞ്ഞാൽ അതു ശരിയായിരിക്കും. എന്നാൽ നാം യാക്കോബായ സഭയിലെ അംഗമാണ് എന്നുകൂടി അർത്ഥം ജനിക്കത്തക്കവിധത്തിൽ തന്ത്രത്തിൽ അങ്ങനെ പറഞ്ഞാൽ അതു തെറ്റായിരിക്കും.

... ആയതുകൊണ്ട് നമ്മെ സംബന്ധിച്ച് യാക്കോബായയിലെ ഒരു മേല്പ്പട്ടക്കാരനെന്ന് യാതൊരർത്ഥത്തിലും പറയാവുന്നതല്ല. അങ്ങനെ പറഞ്ഞാൽ അതു തെറ്റാണ് എന്നുത്തരം.

ചോദ്യം: ... മുടക്കി എന്നും ബഹിഷ്ക്കരിച്ചു എന്നും പറഞ്ഞാൽ അർത്ഥം ഒന്നു തന്നെയാണോ.

ഉത്തരം: ഒന്നല്ല, രണ്ടാണ്.

ചോദ്യം: വ്യത്യാസം എന്താണ്?

ഒരു സ്കൂളിലെ വിദ്യാർത്ഥിയെ സ്കൂളിൽ നിന്നു (ഡിസ്മിസ്) ചെയ്ത് സ്കൂൾ രജിസ്റ്ററിൽ നിന്നു അയാളുടെ പേരു നീക്കിക്കളഞ്ഞ് അയാളെ സ്കൂളിൽ നിന്ന് പുറത്തു തള്ളിക്കളയുന്ന അർത്ഥമായ ഒരുപ്രവൃത്തിയാണ് യാക്കോബായ സഭയിലെ ബഹിഷ്ക്കരണം എന്നു പറയുന്നത്. ഇതിനു ‘ഭ്രഷ്ടാക്കുക’, ‘സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടാക്കുക’, ‘ശപിക്കുക’, ‘പ്രത്യേകം ശപിക്കുക’, ‘തള്ളിക്കളയുക’, ‘ബഹിഷ്ക്കരിക്കുക’ എന്നിങ്ങനെ പല പര്യായപദങ്ങൾ ഉപയോഗിക്കാറുണ്ട്. എന്നാൽ ഒരാളെ മുടക്കുന്നത് ഒരു വിദ്യാർത്ഥിയെ ഒരു സ്കൂളിൽ നിന്നും സസ്പെൻഡു ചെയ്യുന്നതിന് തുല്യമായ ശിക്ഷയാണ്. സസ്പെൻഷനിൽ ഇരിക്കുന്ന വിദ്യാർത്ഥിയുടെ പേര് സ്കൂൾ രജിസ്റ്ററിൽ ഉണ്ട്. അയാൾ സ്കൂളിലെ അംഗമാണ്. അയാൾക്കൊരു ശിക്ഷ നൽകപ്പെട്ടിരിക്കുന്നു എന്നു മാത്രമേയുള്ളു. .... നാം അദ്ധ്യക്ഷനായിരിക്കുന്ന ബഥനി സഭ തോമസ് അപ്പസ്തോലൻ മതത്തിൽ ചേർത്ത് ആദ്യക്രിസ്ത്യാനികളുടെ സന്താനങ്ങൾ ഉൾപ്പെട്ട സഭയാകയാൽ അതിനെ മലങ്കര സുറിയാനി സഭ എന്നു പറയുന്നു.

ഈ സഭയുടെ അദ്ധ്യക്ഷനും സ്ഥാപകനും നാം ആണ്. കൊല്ലം 1106 കന്നിയിൽ നമ്മുടെ സഫ്രഗൻ മെത്രാനും പട്ടക്കാരും സന്യാസിനീ സന്യാസികളും സഭയിൽപെട്ട ആളുകളും ഏവരുംകൂടി ഏകയോഗമായി റോമൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ആ പുനരൈക്യത്തോടു കൂടി മാർപാപ്പായുടെ പരമാധികാരം നാം സ്വീകരിച്ചു. എന്നാൽ പുനരൈക്യത്തിനു മുമ്പും അതിനു

പിമ്പും ഇന്നുവരെയും നാം ബഥനി സഭയുടെ അദ്ധ്യക്ഷനും അധികാരിയുമാണ്. നാം ഏകവ്യക്തി എന്ന നിലയിലല്ല മാർപാപ്പായുമായി പുനരൈക്യപ്പെട്ടത്. ബഥനി സഭയാണ് മാർപാപ്പായുമായി പുനരൈക്യപ്പെട്ടത്.”

മാർ ഈവാനിയോസിന്റെ ജീവചരിത്രം ഒന്നാം വാല്യം പേജ് 298 മുതലുള്ള വിവരണത്തിൽ അന്ത്യോക്യയിലെ റീത്തു പാത്രിയർക്കീസായിരുന്ന റഹ്മാനിയ പാത്രിയർക്കീസുമായിട്ടുള്ള എഴുത്തുകുത്തുകളും റോമിലേക്കു നേരിട്ടയച്ച മെമ്മോറാണ്ടങ്ങളും കാണാം. ഓർത്തഡോക്സ് സഭാ മെത്രാന്മാരുടെ സെക്രട്ടറി എന്ന നിലയിലാണ് ... കാതോലിക്കാ സിംഹാസനത്തിൻ കീഴിലുള്ള മെത്രാന്മാരാണ് പുനരൈക്യത്തിന് അപേക്ഷിക്കുന്നത്. ... ‘പുനരൈക്യത്തെ സുസാദ്ധ്യമാക്കുന്നതിന് റോമാ അതിന്റെ പങ്ക് യഥാവിധി നിർവഹിച്ച ശേഷം ഈ വിശുദ്ധ സുന്നഹദോസ് കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിൽ പ്രവേശിക്കാൻ വിസമ്മതിക്കുമെങ്കിൽ അതിലെ മെത്രാന്മാരിൽ കുറഞ്ഞപക്ഷം ഒരാളെങ്കിലും മാർപാപ്പായുടെ അധികാരത്തിന് കീഴ്വഴങ്ങുന്നതും, കത്തോലിക്കാ സഭാംഗങ്ങളാകുന്നതിന് ആഗ്രഹിക്കുകയും അതേ സമയം അവരുടെ റീത്തും അവർ അനുഷ്ഠിച്ചുവരുന്ന ആചാരങ്ങളും അതേ വിധം തുടർന്നു പോകുന്നതിന് അഭിലഷിക്കുകയും ചെയ്യുന്ന പുനരൈക്യകാംക്ഷികളായ യാക്കോബായക്കാരുടെ ഐക്യം സുസാദ്ധ്യമാക്കുന്നതിന് ആ മെത്രാൻ എല്ലാ യാക്കോബായ സുറിയാനിക്കാരുടെ മേലും അധികാരം കൊടുക്കണമെന്ന് പരിശുദ്ധ പിതാവിനോട് അപേക്ഷിക്കുന്നതുമാകുന്നു’ (പേജ് 100).

അബ്ദുള്ളാ പാത്രിയർക്കീസ് ഫാ പി. റ്റി. ഗീവർഗീസിനെ അനുഗ്രഹിച്ചു എന്ന് അദ്ദേഹത്തിന്റെ സ്വന്തം കൃതിയായ *ഗിരിദീപ*ത്തിലും ജീവചരിത്രം ഒന്നാം വാല്യത്തിലും സ്പഷ്ടമായി പറഞ്ഞിരിക്കെ ചില കേസുകളുടെ ജയം മനസ്സിൽ കണ്ടുകൊണ്ട് അബ്ദുള്ളാ പാത്രിയർക്കീസ് യാക്കോബായ സഭയിൽ നിന്നു തന്നെ ഭ്രഷ്ടാക്കി എന്ന് മാർ ഈവാനിയോസ് രണ്ടു കോടതികളിലും മൊഴികൊടുത്ത കാര്യം മേൽ പ്രസ്താവിച്ചിരുന്നല്ലോ. മാർ ഈവാനിയോസ് പട്ടക്കാരനായിരുന്ന കാലത്ത് തിരുവനന്തപുരം കോടതിയിൽ ‘ഞാൻ മലങ്കര യാക്കോബായ സുറിയാനി സഭയിലെ ഒരു പട്ടക്കാരനാണ്’ എന്ന് 1093-ൽ മൊഴി കൊടുത്ത കാര്യവും വിസ്മരിക്കാവതല്ല. യാക്കോബായ സഭയിൽ നിന്നാണോ ഇവർ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചത് അതോ ബഥനി സഭയിൽ നിന്നാണോ? ബഥനി ആശ്രമമെന്നും ബഥനി മിഷൻ എന്നും പരക്കെ അറിയപ്പെട്ടിരുന്ന ഈ സ്ഥാപനത്തെ മാർ ഈവാനിയോസ് ബഥനി സഭ എന്നു ചിത്രീകരിക്കുന്നതിൽ വല്ല സത്യവുമുണ്ടോ? റീത്തു പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് റോമൻ കത്തോലിക്കാ സഭയുടെ പ്രസിദ്ധീകരണങ്ങളായ നസ്രാണി ദീപിക, സത്യദീപം മുതലായവയുടെ പേജുകൾ മറിച്ചുനോക്കിയാൽ യാക്കോബായ സഭയിൽ നിന്ന് മാർ ഈവാനിയോസും അനുയായികളും റോമൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു എന്നല്ലയോ ചിത്രീകരിച്ചിരുന്നത്. മാർ ഈവാനിയോസിന്റെ ഗുരുവും ആരാധനാഭാജനവുമായിരുന്ന വട്ടശ്ശേരിൽ മെത്രാപ്പോലീത്താ 1912 മുതൽ 1926 വരെ എത്രയെത്ര സിവിൽ ക്രിമിനൽ കേസുകളിൽ മൊഴി കൊടുത്തിട്ടുണ്ട്. ഇസ്സഡ്. എം. പാറേട്ടിന്റെ *നിത്യാക്ഷരങ്ങൾ* എന്ന വലിയ ഗ്രന്ഥത്തിൽ അധികവും വട്ടശ്ശേരിൽ മെത്രാച്ചന്റെ മൊഴികളാണല്ലോ. വട്ടശ്ശേരിൽ മെത്രാച്ചന്റെ ബദ്ധശത്രുക്കളായ പാത്രിയർക്കീസ് കക്ഷികൾ അദ്ദേഹം എവിടെയെങ്കിലും കള്ളം പറഞ്ഞിട്ടുണ്ടോ എന്ന് ചുഴന്ന് അന്വേഷിച്ചിട്ടുണ്ടെങ്കിലും കണ്ടുപിടിക്കാനാവാതെ അവർ നിരാശരാവുകയാണുണ്ടായത്.

“കേസു നടത്തുന്നത് കേസ് ജയിക്കാനാണ്, സത്യം പറയാനല്ല” എന്നാരോ പറഞ്ഞു കേട്ടിട്ടുണ്ട്. ‘ദൈവനാമത്തിൽ സത്യം ചെയ്യുന്നു’ എന്നു പറഞ്ഞ് കോടതിയിൽ മൊഴി കൊടുക്കുന്ന കക്ഷികൾ എത്രപേർ സത്യത്തെ മുറുകെ പിടിക്കുന്നുണ്ട്? ഒരു കാര്യവും അധികനാൾ രഹസ്യത്തിലിരിക്കയില്ല. ന്യായവിധി ദിവസത്തിൽ എല്ലാം പരസ്യമാകുമല്ലോ. ഇക്കാര്യം ഓർക്കുന്നവർ ഭാഗ്യവാന്മാർ.

‘Order of Holy Qurbana with introduction and a short commentary. Published with Arch Episcopal approval, printed at St. Joseph’s Press, TVM. 1964.

Page 6. When in 1930 Mar Ivanios a Jacobite Metropolitan together with another bishop and a group of clergy and laity were reconciled with Rome. ..

മാർ ഈവാനിയോസിന്റെ ജീവചരിത്ര പുസ്തകങ്ങളിൽ എങ്ങും സൂചിപ്പിച്ചിട്ടു പോലുമില്ലാത്ത ഒറിജിനൽ രേഖകളാണ് ഈ ചെറിയ ഗ്രന്ഥത്തിൽ പലയിടങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ചരിത്ര വിദ്യാർത്ഥികളും സത്യാന്വേഷികളും സ്വന്തം അഭിപ്രായം രൂപവൽക്കരിച്ചുകൊള്ളട്ടെ.

(തുടരും)


പുസ്തകം

നിനവിലെ അക്ഷരക്കൂട്ടുകൾ

ഫാ. ലിനു എം ബാബു

പ്രസാധകർ
മഷിക്കൂട്ട്, കോട്ടയം

വില: 210 രൂപ





മലങ്കര ഓർത്തഡോക്സ് ചർച്ച് ദോഹ പതിനഞ്ചാം ഇടവക ദിനം സമുചിതമായി ആഘോഷിച്ചു. പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻ മുഖ്യ അതിഥി ആയിരുന്നു.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായർ

(വി. മർക്കോസ് 4:1-20)

ഫാ. ജെറിൻ ജോൺ അടൂർ



ക്രിസ്തു ജനക്കൂട്ടത്തെ പഠിപ്പിക്കുന്ന പല അവസരങ്ങളെക്കുറിച്ചും മർക്കോസ് സുവിശേഷകൻ പരാമർശിക്കുന്നുണ്ടെങ്കിലും എന്തൊക്കെയായിരുന്നു യേശുവിന്റെ പ്രബോധനമെന്ന് മർക്കോസ് വിശദമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ 4:1 വരെയുള്ള ഭാഗത്ത് ഇതാദ്യമായി യേശുവിൻറെ പ്രബോധനങ്ങൾ മർക്കോസ് ദീർഘമായി പ്രതിപാദിക്കുന്നു (മറ്റ് അവസരങ്ങളിൽ ചിലത് 7:1-23; 13:1-37 ആണ്). യേശു ഉപമകളിലൂടെയാണ് ജനക്കൂട്ടത്തെ പഠിപ്പിച്ചിരുന്നത് പരാബൊളെ (parabole) എന്നതാണ് ഇതിൻറെ ഗ്രീക്കുവാക്ക്. രണ്ടു വസ്തുക്കളെ 'വശത്തോടുവശം' (para) 'വച്ച്' (ballein = to place, to throw) താരതമ്യം ചെയ്യുന്നതിനെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്. ഹീബ്രുവിലെ മഷാൽ എന്ന വാക്കിന്റെ ഗ്രീക്കു പരിഭാഷയാണ് പരാബൊളെ. ചൊല്ലുകൾ, കടങ്കഥകൾ, ഉപമകൾ, കഥകൾ എന്നിങ്ങനെ ഒരു വലിയ വിഭാഗം സാഹിത്യരൂപങ്ങളെ സൂചിപ്പിക്കുന്ന പദമാണ് മഷാൽ.

യേശുവിന്റെ കാലത്ത് മറ്റു റബ്ബിമാരും ഉപമകൾ ഉപയോഗിച്ചിരുന്നു. ചുറ്റുപാടും നടക്കുന്ന സാധാരണകാര്യങ്ങളിൽനിന്ന് ശ്രദ്ധാർഹമായ സന്ദേശങ്ങൾ നൽകുന്നവയായിരുന്നു യേശുവിൻറെ ഉപമകൾ.

വിതക്കാരന്റെ ഉപമ എന്നാണ് ഇത് അറിയപ്പെടുന്നതെങ്കിലും അയാൾ ഒരിക്കൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ (4:3). നാലുതരം നിലങ്ങൾക്കാണ് ഈ ഉപമയിൽ പ്രാമുഖ്യമെന്ന് വിചാരിക്കുന്നവർ ഇതിനെ 'നിലങ്ങളുടെ ഉപമ' എന്നും വിശേഷിപ്പിക്കുന്നുണ്ട്. ഉപമയുടെ ആരംഭത്തിലുള്ള 'കേൾക്കുവിൻ' എന്ന ആഹ്വാനം ഉപമയുടെ അവസാനവും മുഴങ്ങുന്നു: 'കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.' ഈ ഉപമ ശ്രദ്ധാപൂർവ്വം, ഗൗരവത്തോടെ കേൾക്കണം എന്നാണ് ഇതിനർത്ഥം. പഴയനിയമപ്രവാചകരും ഇതുപോലുള്ള ആഹ്വാനങ്ങൾ മുഴക്കിയിട്ടുണ്ട്, പ്രത്യേകിച്ച് മറുതലിക്കുന്ന മനുഷ്യരോട് (ജറെ 5:21; എസെ 12:2). വെളിപാടിന്റെ പുസ്തകത്തിലും ഈ ആഹ്വാനം സഭകൾക്കുള്ള ലേഖനങ്ങളിൽ മുഴങ്ങിക്കേൾക്കാം (വെളി. 2:7,11,17,29; 3:6,13,22; 13:9). ഉപമയുടെ ആദ്യാവസാനങ്ങൾ കുറിക്കുന്ന ഒരു ജാക്കറ്റുപോലെ 'കേൾക്കുക' എന്ന വാക്ക് പ്രവർത്തിക്കുന്നു. ഒരേ വാക്കുകളോ സമാനപ്രയോഗങ്ങളോ ഉപയോഗിച്ചു ഒരു രചനാഭാഗത്തിൻറെ ആദ്യാവസാനങ്ങൾ സൂചിപ്പിക്കുന്നതിനെ ഇൻക്ലൂസിയോ (inclusio) എന്നാണു പറയുക.

പ്രപഞ്ചത്തിലെ ദൈവിക സാന്നിധ്യം അനാവരണം ചെയ്യപ്പെടുന്നു

കൃഷിക്കാരൻ ഉറങ്ങിയാലും ഉണർന്നാലും ഭൂമിയിൽ വീണ വിത്ത്, അയാൾ അറിയാതെ അത് വളർന്നു വലുതാകുന്നു. തൻറെ അദ്ധ്വാനം പാഴാവില്ല എന്ന ഉറപ്പിലാണ് എപ്പോഴും കർഷകൻ വിത്തു പാകുന്നത്. തന്റെ അനുദിന അദ്ധ്വാനത്തിൽ വിത്തിന്റെ ഗുണത്തിലും മണ്ണിൻറെ മേന്മയിലും കൃഷിക്കാരന് ഉറച്ച വിശ്വാസമാണ്. ഈ ഭൂമിയിൽ എന്നും ഫലദായകമാകുന്ന ദൈവത്തിന്റെ സൃഷ്ടിയുടേയും രക്ഷയുടെയും നിഗൂഢമായ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതാണ് ക്രിസ്തുവിൻറെ ഈ ഉപമ ദൈവം സ്രഷ്ടാവാണെങ്കിൽ, പ്രപഞ്ച രഹസ്യങ്ങളെ ധ്യാനിക്കുകയും ദൈവത്തിന്റെ സൃഷ്ടിയുടെ മനോഹാരിത ആസ്വദിക്കുകയും, ഭൂമിയുടെ ഫലപുഷ്ടിക്കായി കാത്തിരിക്കുകയും ചെയ്യുന്ന ദൈവത്തിൻറെ എളിയ സഹകാരി ആയിരിക്കണം മനുഷ്യൻ. മറിച്ച് പ്രകൃതിയെ നശിപ്പിക്കുന്ന രീതികൊണ്ട് ദൈവത്തോട് നന്ദിയില്ലാത്തവരാകരുത്. പ്രകൃതിയോടു കാണിക്കുന്ന നിന്ദ, ദൈവത്തോടും സഹോദരങ്ങളോടും കാണിക്കുന്ന നിന്ദയാണ്. സുവിശേഷം വിവരിക്കുന്ന കൊയ്ത്തുകാലം, വിളവെടുപ്പുകാലം അന്തിമ വിധിയെ സൂചിപ്പിക്കുന്നു. ദൈവരാജ്യത്തിൽ യാഥാർത്ഥ്യമാകുവാൻ പോകുന്ന യുഗാന്ത്യത്തിലുള്ള ദൈവത്തിൻറെ ഇടപെടലായിരിക്കും അതെന്ന കാര്യം ഓർമ്മയിലിരിക്കേണ്ടതാണ്. മനുഷ്യൻ വിതയ്ക്കുന്നു, എന്നാൽ അത് വളരുന്നതും ഫലമണിയുന്നതുമെല്ലാം ദൈവത്തിൻറെ പ്രവൃത്തി മൂലമാണ്.

ക്രിസ്തുവിനെ പ്രഘോഷിക്കാൻ വിവിധ സാദ്ധ്യതകളും സൗകര്യങ്ങളും ആധുനിക സാങ്കേതികതയും ഉപയോഗപ്പെടുത്തണമെന്ന്. കാരണം ദൈവരാജ്യത്തിന്റെ സന്ദേശങ്ങൾ ക്രിസ്തു ലോകത്തെ പഠിപ്പിച്ചത് ഏറെ തനിമയാർന്ന ശൈലിയിലാണ്. മനുഷ്യജീവിതങ്ങളെ സന്തോഷംകൊണ്ടു നിറയ്ക്കാൻ പോരുന്ന, "വഴിയും സത്യവും ജീവനുമായ" ക്രിസ്തു (യോഹ. 14, 6). ദൈവസ്നേഹത്തെക്കുറിച്ച് ജനങ്ങളെ അറിയിക്കാനും അവരോടു പറയാനും ഉപയോഗിച്ച ഉപമകളും ഉപമാനങ്ങളും ഇന്നും ജനകീയവും പ്രസക്തവുമാണ്.



വിതക്കാരന്റെ ശ്രദ്ധയില്ലായ്മ അനാവരണം ചെയ്യപ്പെടുന്നു

വിതക്കാരൻ വിതച്ചത് വഴിയരികിലും പാറപ്പുറത്തും മുള്ളുകൾക്കിടയിലും വീണു. യേശുവിന്റെ കാലത്ത് പലസ്തീനായിൽ വിത്ത് വിതച്ചിരുന്നത് വയൽ ഉഴുതതിനുശേഷമാണോ അതിനു മുൻപാണോ എന്നതിനെക്കുറിച്ചു വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്. എങ്ങിനെയാണെങ്കിലും അതു ഉപമയുടെ സന്ദേശത്തെ ബാധിക്കുന്നതല്ല. പാറപ്പുറമെന്നത് മണ്ണുകൊണ്ട് മൂടിക്കിടക്കുന്ന പാറപ്പുറമാണ്. ആ പാറപ്പുറം വിതക്കാരന് തിരിച്ചറിയാൻ കഴിഞ്ഞില്ല. അതുപോലെ മുൾച്ചെടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുൾച്ചെടികളുടെ വിത്തുകൾ കിടന്നിരുന്ന സ്ഥലമെന്നാകാം. വളർന്നു നിൽക്കുന്ന മുൾച്ചെടികൾക്കിടയിൽ ആരും വിതക്കില്ലല്ലോ. എന്നാൽ വയലിൽ കളകളുടേയും മുൾച്ചെടികളുടേയുമൊക്കെ വിത്തുകിടക്കുക സ്വാഭാവികമാണ്. വിതച്ചപ്പോൾ കുറേ വിത്തുകൾ മുൾച്ചെടികളുടെ വിത്തുകൾക്കിടയിലും വീണു.

വിതയിൽ ഇതെല്ലാം സ്വാഭാവികമായി സംഭവിക്കുന്നതു തന്നെയാണെങ്കിലും ആ വിതക്കാരൻ തീരെ ശ്രദ്ധയില്ലാത്തവനാണെന്ന് ചിലപ്പോൾ തോന്നാം. അയാളുടെ ധാരാളിത്തം ഒരു കാര്യം വ്യക്തമായി പഠിപ്പിക്കുന്നു: ദൈവത്തിൻറെ അതിരില്ലാത്ത ഔദാര്യം! ദൈവരാജ്യത്തിലേക്ക് ദൈവത്തിൻറെ ക്ഷണം എല്ലായിടത്തുമുള്ള എല്ലാമനുഷ്യർക്കും ദൈവം ഔദാര്യപൂർവ്വം നൽകുന്നു. വിതക്കാരൻ എല്ലായിടത്തും വിതയ്ക്കുന്നു; എല്ലായിടത്തും ഒരേ വിത്തുതന്നെ വിതയ്ക്കുന്നു. അതുപോലെതന്നെ ദൈവവും ആരോടും അവരുടെ സ്ഥലകാലങ്ങൾക്കോ, ജീവിതസാഹചര്യങ്ങൾ മുൻനിർത്തിയോ വിവേചനം കാണിക്കുന്നില്ല. തന്റെ രാജ്യത്തിലേക്കുള്ള ക്ഷണം അവിടുന്ന് എല്ലാവർക്കും ഒരുപോലെ നൽകുന്നു.

◆

Church Calendar

THE PARABLE OF THE SOWER

(Eight Sunday after Pentecost, Mark 04:1-20)

Fr. Sajoie Samuel



Jesus begins the discourse by describing a sower who scatters seed. The seed falls on different types of soil: the path, rocky ground, thorny ground, and good soil. The seed on the path represents those who hear the message but don't understand it, and satan snatches away those souls. Some receive the word with joy but lack depth. When trouble comes knocking, they wither away, as these souls don't have the faith and firmness to withstand such trials. Worries, wealth, and desires choke the word, preventing growth. Those who hear, understand, and bear fruit represent the receptive heart.

I. OUR HEARTS LIKE GOOD SOIL SHOULD BE RECEPTIVE TO THE WORD OF GOD

We need to own hearts always, ready to receive God's word that brings forth good fruit, similar to the good soil, that yields rich harvest. God's word is all pervading and living as per its precepts help us to have roots that would penetrate deep into our life and be strong in our travails. Only a good soil gives forth a good yield of crops. It is a rule of nature that any living or inanimate object should prove itself to have significance on earth. The theory of 'The Survival of the Fittest' only adds credence to it.

A good soil is conducive for growth both below and above it. It helps to allow the roots to penetrate deep into the ground and provide a strong platform to the plant. At the same time the soil is receptive to gain nutrition from the sun shining above. Similarly, we as good soil should be the catalyst to provide growth in our surroundings, both above and below us.

The word of God is an ever flowing fountain that never goes dry, that provides spiritual nutrition and eternal life to all who partake of it. But to gain from it, we have to partake of it so that it nourishes us.

II. BEWARE OF DISTRACTIONS THAT HINDER SPIRITUAL GROWTH

Human life is beset with trials and tribulations that aim at dislodging us from our spiritual quest. No goodness exists without evil. No light can show the way without casting a shadow. It is on our intellect to steer clear of the shadow and walk in the light of eternal life.

It's not easy, to be a Christian. Just as a beautiful flower risks being plucked by its admirer, similarly no Christian is promised a life sans problems. The birds in the sky are wired by their Creator in a way to peck on the food lying on the ground. The thorns are designed by God in a way that would be a challenge to the plants growing around. Rather we need to be praying for trials as they help us to strengthen our spiritual journey. So rather than cribbing about the difficulties in our life, Jesus is teaching us to embrace the problems and surge ahead in life, as He has shown on the cross.

So how are we to steer ourselves free of these impediments that comes up our way? By exercising a clear conscience. The eagle flies high in the sky, but our senses should also be in sync with our spirituality.

To wrap up, Jesus used parables to engage listeners and encourage deeper reflection. These parables were an eye opener to the believers in the early church and continue to inspire us even today. Let us follow these precepts to be proud recipients of eternal life.

◆

പുസ്തകം



നെടുന്തളത്തിൽ ഗീവർഗീസ് കത്തനാർ രചിച്ച 'പെസഹായും വിശുദ്ധ കുർബാനയും: വേദശാസ്ത്ര പഠനം' എന്ന പുസ്തകം കോട്ടയം പഴയ സെമിനാരിയിൽ പ. കാതോലിക്കാ ബാവ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു. സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ സമീപം.



MGOCSM ടെക്നിക്കൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'ടെക് വാൾട്ട്' Cyber Security Seminar നടത്തപ്പെട്ടു. പ്രസിഡന്റ് എബ്രഹാം മാർ സെറാഫിം ഉദ്ഘാടനം ചെയ്തു.



സഹോദരൻ പദ്ധതി തുണയായി സരസമ്മയ്ക്ക് ഭവനമൊരുങ്ങുന്നു

പന്തളം: മലങ്കര ഓർത്തഡോക്സ് സഭയുടെ 'സഹോദരൻ പദ്ധതിയിലൂടെ സരസമ്മയ്ക്ക് വീടൊരുങ്ങും. ചോർന്നൊലിച്ച വീട്ടിൽ ആരും ആശ്രയമില്ലാതെ കഴിഞ്ഞിരുന്ന തട്ടയിൽ ഭഗവതിക്കും പടിഞ്ഞാറ് ആര്യാട്ടേത്തു വീട്ടിൽ സരസമ്മയ്ക്കാണ് (73) ഭവനം ഒരുക്കുന്നത്.

കലക്ടർ എസ്. പ്രേം കൃഷ്ണൻ പരുമല സെമിനാരിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ കണ്ട് വീട് നിർമാണം സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. പ. കാതോലിക്കാ ബാവാ വീടു പണിക്കുള്ള മുഴുവൻ തുകയും സഭയുടെ സഹോദരൻ പദ്ധതിയിലൂടെ നൽകാമെന്ന് ഉറപ്പ് നൽകുകയും സമ്മതപത്രം കൈമാറുകയും ചെയ്തു. സഹോദരിയുടെ മരണശേഷം സരസമ്മ വർഷങ്ങളായി തനിച്ചു കഴിയുകയായിരുന്നു.

അടച്ചുറപ്പില്ലാത്ത വീടിന്റെ മേൽക്കൂര തകർന്ന നിലയിലായിരുന്നു. പൊതു പ്രവർത്തകൻ മുണ്ടുവേലിൽ എം. എസ്. അജിത്ത് പകർത്തിയ വിഡിയോ പ്രചരിച്ചതോടെയാണ് വിവരം പുറത്തറിയുന്നത്. പന്തളം ജനമൈത്രി പൊലീസും പത്തനംതിട്ട സാമൂഹിക നീതി വകുപ്പ് ഉദ്യോഗസ്ഥരും സരസമ്മയുടെ വീട്ടിലെത്തിയിരുന്നു. തുടർന്ന് കലക്ടർ എസ്. പ്രേം കൃഷ്ണൻ സരസമ്മയുടെ വീട്ടിലെത്തി എത്രയുംവേഗം വീടിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ വില്ലേജ് ഓഫിസറെ ചുമതലപ്പെടുത്തി. കഴിഞ്ഞ ദിവസം അറ്റകുറ്റപ്പണി ആരംഭിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, സഭാ മാനേജിങ് കമ്മിറ്റി അംഗം മത്തായി ടി. വർഗീസ്, ഫാ. ഷിബു ടോം വർഗീസ്, ബ്ലെസൻ കുര്യൻ തോമസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

പരിശുദ്ധ കാതോലിക്കാ ബാവാ നേതൃത്വം നൽകുന്ന സഹോദരൻ പദ്ധതിയിലൂടെ വിദ്യാഭ്യാസം, ഭവന നിർമാണം, വിവാഹം, വൈദ്യസഹായം തുടങ്ങിയവയ്ക്കായി 15 കോടിയോളം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

സുപ്രിം കോടതി വിധി നടപ്പിലാക്കി കിട്ടുക എന്നതിനപ്പുറം മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് മറ്റ് ആവശ്യങ്ങളില്ല

മലങ്കര ഓർത്തഡോക്സ് സഭക്ക് 2017 ജൂലൈ 3-ന് സുപ്രീംകോടതി പറഞ്ഞ അന്തിമവിധിക്ക് മുകളിൽ ഏത് ബില്ല് എന്ന ഭീഷണിക്കും മലങ്കര സഭ വഴങ്ങുകയില്ല. സുപ്രീം കോടതി വിധി നിയമപരമായി നിലനിൽക്കുമ്പോൾ അതിൽ വെള്ളം ചേർക്കാൻ മലങ്കര സഭ തയ്യാറല്ല. സർക്കാർ ഏത് ബില്ല് കൊണ്ടുവന്നാലും നിയമപരമായി നേരിട്ടുക എന്നതാണ് മലങ്കരസഭയുടെ തീരുമാനം.

തെറ്റായ വാർത്തകൾക്ക് മലങ്കര ഓർത്തഡോക്സ് സഭ ഉത്തരവാദിത്തം ഏറ്റെടുക്കയില്ല. മലങ്കരസഭയുടെ ഒരു സമിതികളും ഇത്തരം തിരുമാനം എടുത്തിട്ടില്ല എന്ന് വ്യക്തമാക്കുന്നു.

ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(സഭ വൈദിക ട്രസ്റ്റി)

റോണി വർഗീസ് ഏബ്രഹാം
(സഭാ അല്മായ ട്രസ്റ്റി)



കോട്ടയം പാർലമെൻറ് അംഗം അഡ്വ. ഫ്രാൻസിസ് ജോർജിന് കോട്ടയം പഴയ സെമിനാരിയിൽ നൽകിയ സ്വീകരണം. ഫാ. ഡോ. നൈനാൻ കെ. ജോർജ്, വൈദിക ട്രസ്റ്റി ഫാ ഡോ. തോമസ് വർഗീസ് അമയിൽ, സെമിനാരി വൈസ് പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. വർഗീസ് പി. വർഗീസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ് എന്നിവർ സമീപം.



ഫാ. ഡോ. കെ. എം. ജോർജ് രചിച്ച 'ആധുനിക വിചാരശില്പികൾ' എന്ന ഗ്രന്ഥം കെ. ജയകുമാർ ഐ.എ.എസ്. പ്രകാശനം ചെയ്തു. ഡി.സി. ബുക്സാണ് പ്രസാധകർ.



സഭാ തർക്കം മൂലം 25 വർഷമായി പൂട്ടിക്കിടന്ന തൃശ്ശൂർ ഭദ്രാസനത്തിലെ ചെറുകുന്നം സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ താക്കോൽ ആർ. ഡി.ഒ. വികാരി ഫാ. പോളി വർഗ്ഗീസിന് കൈമാറി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അഖില മലങ്കര മദ്യ വർജ്ജന സമിതിയുടെ കേന്ദ്ര ട്രഷാറർ ആയി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ നിയമിച്ച ഡോ. റോബിൻ പി. മാത്യു

